പാലക്കാട് ജില്ലയിലെ കൃഷിക്കാർക്ക് പയർ വിത്ത് വിതരണം

585 [843] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാടു ജില്ലയിൽ 1978-79 സാമ്പത്തികവർഷത്തിൽ എത്ര ടൺ പയർ വിത്തുകളും കൃഷിക്കാർക്കു വിതരണം ചെയ്തുവെന്നു വ്യക്തമാക്കുമോ;

(ബി) വിതരണം നടത്തിയിട്ടുണ്ടെങ്കിൽ ഓരോ ഏലാ ഓഫീസുകളും മുഖേന എത്ര വീതം പയർ വിത്തുകളും വിതരണം നടത്തിയിട്ടുണ്ടെന്നേ് വ്യക്തമാക്കുമോ;

(സി) വിതരണം നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നു വ്യക്തമാക്കാമോ;

(ഡി) ഉടൻതന്നെ വിതരണം നടത്തുവാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) 1978-79 സാമ്പത്തിക വർഷത്തിൽ 3.72 ടൺ പയർ വിത്തുകളും പാലക്കാടുജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിലെ 58 ഐ.പി.ഡി. യൂണിറ്റുകളിൽ 46 യൂണിറ്റുകളും മുഖേന പയർ വിത്തുവിതരണം നടത്തിയിട്ടുണ്ട്. ഓരോ യൂണിറ്റിൽനിന്നും വിതരണം ചെയ്ത വിത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

1.	അകത്തേത്തറ	105.20 കി.ഗ്രാ
2.	അയിലൂർ	50.00 ,,
3.	ചിറ്റൂർ	30.30 ,,
4.	ഏരാമായൂർ	105.20 ,,
5.	കണ്ണാടി	65.20 ,,
6.	കാവശ്ശേരി	75.20 ,,
7.	കണ്ണാമ്പ	105.20 ,,
8.	കൊടുവായൂർ	85.20 ,,
9.	കൂടല്ലൂർ	145.20 ,,
10.	കരിമ്പ	55.20 ,,
11.	കുഴൽമന്ദം	45.00 ,,
12.	കൽപാത്തി	85.20 ,,
13.	കണ്ണാശ്ശേരി	55.20 ,,
14.	കടുക്കാംകുന്ന്	55.20 ,,
15.	കിഴക്കഞ്ചേരി	115.20 ,,
16.	കോട്ടക്കാട്	45.20 ,,
17.	കൊഴിഞ്ഞാംപാറ	65.20 ,,
18.	മങ്കര	85.20 ,,
19.	മണ്ണൂർ	105.40 ,,
20.	മാത്തൂർ	105.20 ,,
21.	യാക്കര	75.20 ,,
22.	മേലേമുറി	40.00 ,,
23.	മംഗലം—പുറത്തുപാടം	55.20 ,,

LIBRARY ARCHIVES Kerala Legislative Assembly

24.	തൈക്കുപ്പുള്ളി	105.25	കി. ഗ്രാം
25.	അങ്ങാത്തേരി	110.20	,,
26.	ഓഗല്ലൂർ	65.20	,,
27.	പറളി	145.20	,,
28.	പുരാവമ്പ	105.20	,,
29.	പെരുങ്കുന്നം	55.20	,,
30.	പുതുക്കോട്	85.20	,,
31.	പോത്തുണ്ടി	20.20	,,
32.	പല്ലച്ചന	65.25	,,
33.	പട്ടാഞ്ചേരി	65.25	,,
34.	പാലപ്പുറം	95.70	,,
35.	പെരുമുടിയൂർ	90.20	,,
36.	പൊട്ടാശ്ശേരി	85.20	,,
37.	ഷൊർണ്ണൂർ	55.20	,,
38.	തേങ്കുറിശ്ശി	65.20	,,
39.	വേങ്കര	85.70	,,
40.	തൃത്താല	215.70	,,
41.	തൃത്താല സി.പി. യൂനിറ്റ്	20.70	,,
42.	താരൂർ	60.00	,,
43.	തത്തമംഗലം	30.25	,,
44.	വണ്ടഴി	115.70	,,
45.	വാടന്നൂർ	125.45	,,
46.	വിളയൂർ	100.20	,,
	മൊത്തം	3719.00	,,

(സി) വിതരണം നടത്താത്ത യൂണിറ്റുകൾക്കുള്ള കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിലും സ്റ്റാഫിനെ നിയമിക്കുന്നതിലും മറ്റുമുണ്ടായ കാലതാമസമാണ് ഇതിനു കാരണം.

(ഡി) വരുന്ന വിരിപ്പുകൃഷിക്കാലത്ത് 15 ടൺ റിറ്റി-9 എന്നുള്ളതും ഉഴുന്നുവിത്തും 4 ടൺ സി 152 ഇനം വൻ പയർവിത്തും വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

മൾട്ടിപ്പിൾ ക്രോപ്പിംഗ് പ്രോജക്ടുകൾ

586 [844] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മൾട്ടിപ്പിൾ ക്രോപ്പിംഗ് പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ എവിടെയെല്ലാമാണുള്ളത്;

(സി) കേരളത്തിൽ പുതിയ മൾട്ടിപ്പിൾ ക്രോപ്പിംഗ് പ്രോജക്ടുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly